## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 305 — 05.03.2012 ലെ മറുപടിയ്ക്ക്

### കാരുണ്യ ലോട്ടറി

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. വി. ശശി
ശ്രീമതി. ഗീതാ ഗോപി
ശ്രീ. കെ. രാജു

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാരുണ്യ ലോട്ടറിയിലൂടെ എത്ര തുക വരുമാനമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | കൃത്യമായ വരുമാനം കണക്കാക്കി വരുന്നതേയുള്ളൂ. ഒരു ഭാഗ്യക്കുറിയ്ക്ക് ഏകദേശം 1 കോടി എന്ന നിരക്കിൽ വരുമാനം കണക്കാക്കുന്നു. |
| (ബി) | കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ എത്ര രോഗികൾക്ക് ചികിത്സാ ധനസഹായം നൽകി ; | (ബി) | കാരുണ്യബെനവലന്റ് ഫണ്ടിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് 20 രോഗികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതി പ്രകാരം ചികിത്സാസഹായം ലഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | (സി) | മാരകരോഗങ്ങളായ കാൻസർ, വൃക്ക-ഹൃദയ സംബന്ധമായ രോഗ ചികിത്സയ്ക്കും തലച്ചോർ, കരൾ സംബന്ധമായ രോഗചികിത്സയ്ക്കും, ഹീമോഫീലിയ , പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികൾക്കും ധനസഹായം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് കാരുണ്യ ബെനവലന്റ് ഫണ്ട്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കും 2.5 ലക്ഷത്തിൽ താഴെ വരുമാനമുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കും പരമാവധി 2 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ വരെ ചികിത്സാധനസഹായം അനുവദിക്കുന്നതാണ്. RSBY/CHIS+ തുടങ്ങിയ സ്കീമിൽ ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് പ്രസ്തുത പദ്ധതികളിൽ അനുവദനീയമായ തുക ഉൾപ്പെടെ മൊത്തം 2 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായി സഹായം നൽകുന്നതായിരിക്കും. ഗവൺമെന്റ് ആശുപത്രികൾക്ക് പുറമേ ശ്രീചിത്തരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി , റീജിയണൽ കാൻസർ സെന്റർ, മലബാർ സെന്റർ എന്നിവിടങ്ങളിൽ ചികിത്സിക്കുന്ന രോഗികൾക്കും നിലവിൽ ധനസഹായം ലഭിക്കുന്നതാണ്. |
| ) | ഇതിൻ പ്രകാരം പരമാവധി ഒരാൾക്ക് നൽകുന്ന സഹായം എത്രയാണെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഒരാൾക്ക് പരമാവധി 2 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. |

സെക്ഷൻ ഓഫീസർ